മണ്ണിന്റെ ഫലഭൂയിഷ്ഠത

178 (1594) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഓരോ പ്രദേശത്തെയും മണ്ണിന്റെ ഘടകങ്ങളെക്കുറിച്ചും, രാസഭൗതിക സ്വഭാവങ്ങളെക്കുറിച്ചും ശാസ്ത്രീയമായ പഠനം നടത്തി പ്രത്യേകതകൾ മനസ്സിലാക്കിയുള്ള പ്രതിവിധികൾ പ്രാവർത്തികമാക്കുന്നതുവഴി മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കുവാൻ സാധിക്കും. മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കൃഷിരീതികൾ നടപ്പിലാക്കുകയും ശാസ്ത്രീയ മണ്ണുജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യുന്നതുവഴി രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം കുറച്ചും മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കുവാൻ സാധിക്കും. ഓരോ പ്രദേശത്തെയും മണ്ണിന്റെ ഫലഭൂയിഷ്ഠതയെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ശാസ്ത്രീയമായ മണ്ണ് പര്യവേഷണത്തിലൂടെയും പരിശോധനയിലൂടെയും നൽകുന്ന സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് ഉപകരിക്കുന്നുണ്ട്.

മിസ്സ്

179 (1595) ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈക്രോ ലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്സ്) പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിൽ ഇത് സംബന്ധിച്ച വിവരശേഖരണം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ ഉപദേശവും സഹായവും നൽകാൻ തക്കവിധം കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥരെ സജ്ജരാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർക്ക് സർവ്വേ നമ്പർ അടിസ്ഥാനത്തിൽ തങ്ങളുടെ ഭൂമിയിലെ മണ്ണിനെ സംബന്ധിക്കുന്ന സൂക്ഷ്മതല വിവരങ്ങൾ ജി.ഐ.എസ്. സാങ്കേതികവിദ്യയുടെ സഹായത്തോടെ ലഭ്യമാക്കുന്നതിനായി മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്റ്റ്). തൃശ്ശൂർ, വയനാട് ജില്ലകളിലെ എല്ലാ പഞ്ചായത്തുകളുടെയും ഫീൽഡ് തല മണ്ണുപര്യവേഷണ പ്രവർത്തനങ്ങളും മണ്ണ് സാമ്പിളുകളുടെ രാസ, ഭൗതിക പരിശോധനകളും പൂർത്തീകരിച്ച് വിവിധ തരത്തിലുള്ള ഭൂപടങ്ങൾ ജി.ഐ.എസ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ തയ്യാറാക്കി ഓരോ പഞ്ചായത്തിന്റെയും ഭൂപടങ്ങളും അനുബന്ധ വിവരങ്ങളും വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്നു.

(ബി) ആദ്യഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ 88 പഞ്ചായത്തുകളുടെയും വയനാട് ജില്ലയിലെ 25 പഞ്ചായത്തുകളുടെയും ഒരു മുനിസിപ്പാലിറ്റിയുടെയും വിശദ മണ്ണുപര്യവേഷണം പൂർത്തീകരിച്ച് ഭൂപടങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കിക്കഴിഞ്ഞു. രണ്ടാംഘട്ടമായി ഇടുക്കി, മലപ്പുറം ജില്ലകളുടെ സൂക്ഷ്മതല വിശദ മണ്ണുപര്യവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) മിസ്റ്റിലെ വിവരങ്ങൾ ഓൺലൈനിലൂടെ ഫലപ്രദമായി അപഗ്രഥിച്ച് ഓരോ ഉപയോക്താവിനും ആവശ്യമുള്ള വിവരങ്ങൾ വേർതിരിച്ചെടുക്കാൻ സഹായകമാകുന്ന പരിശീലനം കൃഷി ഭവനിലെ ഉദ്യോഗസ്ഥർക്ക് നൽകുവാനും ഈ പരിശീലനത്തിലൂടെ ഓരോ പഞ്ചായത്തിലേയും കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥർക്ക് ഓരോ കർഷകന്റെയും കൃഷയിടത്തിലെ വിവരങ്ങൾ മിസ്റ്റിൽനിന്നും മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇഞ്ച് ഭൂമിക്കും വേണ്ട ശാസ്ത്രീയമായ പരിപാലന മുറകൾ നടപ്പിലാക്കുന്നതിന് വേണ്ടുന്ന ഉപദേശവും സഹായവും നൽകുവാനും കഴിയും.

ശങ്കരൻകുഴി തോടിന്റെ 84 ലക്ഷം രൂപയുടെ പ്രൊപ്പോസൽ

180 (1596) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുക്കന്തൂർ പഞ്ചായത്തിലെ ശങ്കരൻകുഴി തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ചിരുന്ന 84 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഇതുവരെ അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) RIDF-XX-ൽ ഉൾപ്പെടുത്തുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പ് മുഖാന്തരം ലഭ്യമാക്കിയ പദ്ധതിക്ക് സെക്രട്ടറിൽ അലോക്കേഷന്റെ അപര്യാപ്തതമൂലം അനുമതി ലഭിച്ചിട്ടില്ല. RIDF-ന്റെ അടുത്ത ഘട്ടത്തിൽ മുൻഗണനാക്രമത്തിൽ പരിഗണിക്കാവുന്നതാണ്.